## പതിനാലാം കേരളനിയമസഭ

## പതിനെട്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 111 | 03.02.2020-ൽ മറുപടിക്ക് |
|---|---|

### കൊല്ലപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്കുള്ള നഷ്ടപരിഹാരം

| | ചോദ്യം<br>ശ്രീ.ഡി.കെ. മുരളി | | മറുപടി<br>പിണറായി വിജയൻ<br>മുഖ്യമന്ത്രി |
|---|---|---|---|
| (എ) | ഇറ്റാലിയൻ കപ്പൽ എൻറിക്ക ലെക്സിയിലെ നാവികർ രണ്ട് മത്സ്യത്തൊഴിലാളികളെ വെടിവച്ച് കൊലപ്പെടുത്തിയ കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ; | (എ) യും (ബി) യും | ഇറ്റാലിയൻ കപ്പൽ എൻറിക്ക ലെക്സിയിലെ നാവികർ രണ്ട് മത്സ്യത്തൊഴിലാളികളെ വെടിവെച്ച് കൊലപ്പെടുത്തിയ കേസ് MHA order No.11011/19/13 തീയതി 11.04.2013 പ്രകാരം NIA യ്ക്ക് കൈമാറിയിട്ടുള്ളതാണ്. |
| (ബി) | ഈ കേസ് ഇപ്പോൾ ആരാണ് അന്വേഷിക്കുന്നത് എന്ന് അറിയിക്കാമോ; | | |
| (സി) | കൊല്ലപ്പെട്ട മത്സ്യത്തൊഴിലാളികളുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകുമോ; | (സി) | ഇറ്റാലിയൻ കപ്പൽ എൻറിക്ക ലെക്സിയിലെ നാവികർ വെടിവെച്ച് കൊലപ്പെടുത്തിയതിൽ കൊല്ലം ജില്ലയിൽ നിന്നും കൊല്ലപ്പെട്ട ശ്രീ. ജലസ്റ്റിൻ വാലന്റൈനിന്റെ കുടുംബത്തിന് ബന്ധപ്പെട്ട ഇറ്റാലിയൻ അധികൃതർ നഷ്ടപരിഹാരമായി ഒരു കോടി രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്. കൊല്ലപ്പെട്ട രണ്ടാമത്തെ വ്യക്തി തമിഴ്നാട് സ്വദേശിയായ ശ്രീ. അനിൽ ബിങ്കി എന്ന മത്സ്യത്തൊഴിലാളിയാണ്. അദ്ദേഹത്തിന്റെ കുടുംബത്തിന് നഷ്ടപരിഹാരം ലഭിച്ചത് സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല. |
| (ഡി) | ഈ കുടുംബങ്ങൾക്ക് സംസ്ഥാന സർക്കാർ എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ? | (ഡി) | കൊല്ലം ജില്ലയിൽ നിന്നുള്ള ശ്രീ. ജലസ്റ്റിൻ വാലന്റൈനിന്റെ കുടുംബത്തിന് സംസ്ഥാന സർക്കാർ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 5 ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | അനുവദിച്ച നൽകിയിട്ടുണ്ട്. കൂടാതെ ടിയാന്റെ വിധവ ശ്രീമതി. ഡോറമ്മ.ഡിയ്ക്ക് ഫിഷറീസ് വകുപ്പിൽ ഓഫീസ് അറ്റന്റന്റ് തസ്തികയിൽ കൊല്ലം ജില്ലാ ഓഫീസിൽ സ്ഥിര നിയമനം നൽകിയിട്ടുണ്ട്. കൂടാതെ മരണപ്പെട്ട ശ്രീ. ജലസ്റ്റിൻ വാലന്റൈനിന്റെ കുടുംബത്തിന് മത്സ്യഫെഡിന്റെ മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷ്വറൻസ് പദ്ധതി പ്രകാരം 3 ലക്ഷം രൂപ ഇൻഷ്വറൻസ് ആനുകൂല്യമായി നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ